>> അഭിമുഖം



# ആൾദൈവങ്ങൾ ഒരു മനഃശാസ്ത്ര വിശകലനം

മനഃശാസ്ത്ര വിദഗ്ധനും പെരുമ്പിലാവ് അൻസാർ ആശുപത്രി ഡയറക്ടറുമായ പ്രഫ. ഇ. മുഹമ്മദ് (സൈക്കോ) സംസാരിക്കുന്നു

*ആൾദൈവങ്ങളുടെ തട്ടിപ്പു കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണല്ലോ. ഈ ആൾദൈവങ്ങളും ഇവരുടെ ഭക്തജനങ്ങളും സമൂഹത്തിന്റെ ഭാഗമാണ്. മനഃശാസ്ത്രപരമായ ഒരു വിശകലനം?*

ആൾദൈവങ്ങളെയും അവരെ സമീപിക്കുന്ന ജനങ്ങളെയും ഒരുപോലെയല്ല കാണേണ്ടതും കൈകാര്യം ചെയ്യേണ്ടതും. മനഃശാസ്ത്രപരമായി, ആൾദൈവങ്ങളെ ചില ഗ്രൂപ്പുകളായി വേർതിരിക്കേണ്ടതുണ്ട്. സൈക്കോപാത്ത് (Psychopath), പാരനോയിഡ് (Paranoid), മാനിയാക്ക് (Maniac), ഹിസ്റ്റീരിയ (Hysteria), മെന്റലി റിറ്റാഡ് (Mentally retard) എന്നിങ്ങനെ.

ഒന്നാമത്തെ വിഭാഗം ക്രിമിനലുകളാണ്. അവർക്കറിയാം തങ്ങൾ എന്താണ് ചെയ്യുന്നതെന്ന്. തട്ടിപ്പ്, വെട്ടിപ്പ്, കളവ് ഇവയൊക്കെ കുറ്റകൃത്യങ്ങളാണെന്ന് അവർക്കറിയാം. ഒരു കുറ്റകൃത്യത്തിൽ അവർ ഒതുങ്ങിനിൽക്കുകയുമില്ല. സ്ത്രീപീഡനം, അവിഹിതമായി പണം സമ്പാദിക്കൽ, ആൾദൈവമാവുക തുടങ്ങിയവയൊക്കെയും ചെയ്യും- സന്തോഷ് മാധവനെപ്പോലെ. ഇത്തരക്കാർക്ക് മനോരോഗമൊന്നുമില്ല. ഇവർക്ക് ശിക്ഷ തന്നെയാണ് വേണ്ടത്. ചികിത്സയുടെ ആവശ്യമില്ല. കോടതിയിൽ കൊണ്ടുവന്ന് തക്ക ശിക്ഷ നൽകണം. അതോടൊപ്പം ഇവരുടെ തനിനിറം ജനദൃഷ്ടിയിൽ തൊലിയുരിച്ച് കാണിക്കുകയും വേണം.

മറ്റു വിഭാഗങ്ങൾ മനോരോഗികളാണ്. പാരനോയിഡ് വിഭാഗത്തിന്റെ പ്രത്യേകത, ഇവർക്ക് ഇവർ വലിയ ആളുകളാണെന്ന തോന്നലുണ്ടാകും. ചില തങ്ങന്മാരൊക്കെ നടക്കുന്നത് കണ്ടിട്ടില്ലേ. എനിക്ക് ഒരു പ്രത്യേകതയുണ്ട്, കഴിവുണ്ട് എന്നൊക്കെ ഇവർക്ക് തോന്നും. ഇത് വർധിക്കുമ്പോഴാണ് ഞാൻ ദിവ്യനാണ്, ദൈവ വെളിപാട് ലഭിച്ചവനാണ് എന്നൊക്കെ പറയുന്നത്. ഇത് വല്ലാതെ മൂത്താൽ ഞാൻ തന്നെയാണ് ദൈവം എന്നുവരെ പറഞ്ഞേക്കും. ഈ രോഗം വല്ലാതെ മൂർഛിച്ചിട്ടില്ലെങ്കിൽ ഇത്തരക്കാരുടെ പറച്ചിലിൽ അസ്വാഭാവികതയൊന്നും തോന്നില്ല. അതുകൊണ്ട് സാധാരണ ജനങ്ങൾ ഇവരിൽ വിശ്വസിക്കും. ഇത്തരക്കാരെ ചികിത്സിക്കുക തന്നെ വണം.

**ചോദ്യം ചെയ്യാതെ അനുസരിക്കുന്ന പ്രകൃതമുള്ളവരാണ് കൂടുതലും ആൾദൈവഭക്തർ. ഇങ്ങനെ മറിച്ച് ചിന്തിക്കുകയോ പറയുകയോ ചെയ്യാതെ എല്ലാം അനുസരിക്കുന്നവരെ സജസ്റ്റബ്ൾ (എളുപ്പം സ്വാധീനിക്കപ്പെടുന്നവർ) എന്നാണ് പറയുക. സജസ്റ്റബ്ൾ പ്രകൃതം ഒരു മാനസിക വൈകല്യമാണ്. സ്ത്രീകൾ കൂടുതൽ ആൾദൈവഭക്തരാകുന്നത്, വിദ്യാഭ്യാസത്തിന്റെ പിന്നാക്കാവസ്ഥ കാരണമാണ്. വിദ്യാഭ്യാസ നിലവാരം സ്ത്രീകളിൽ ഉയരുന്നതോടെ സ്ഥിതി മാറിവരുന്നുണ്ട്.**

മറ്റൊരു വിഭാഗം മാനിയാക്ക്. ഞാൻ വലിയ ആളാണ്, എനിക്ക് പലതും ചെയ്യാൻ പറ്റും എന്ന ഒരുതരം ആവേശം. ഇത്തരക്കാർക്ക് പല ആശയങ്ങളും തോന്നലുകളുമുണ്ടാവും. സ്വന്തം കഴിവ് പ്രകടിപ്പിക്കാനുള്ള ശ്രമവും ഇവർ നടത്തും. ഇവർ രോഗികളാണെന്ന കാര്യം ജനങ്ങൾക്ക് തിരിച്ചറിയാൻ കഴിയില്ല. ചിലരൊക്കെ ഇവരുടെ പിന്നാലെ കൂടുമ്പോൾ വേണ്ട പ്രചാരണവുമായി. ഈ രോഗം താനേ മാറിയെന്നും വരും. പക്ഷേ അപ്പോൾ ഇവരുടെ സ്ഥാനമാനങ്ങളും വരുമാനങ്ങളുമൊക്കെ കാരണമായി ഇവർ മാറാൻ കൂട്ടാക്കില്ല. ബോധപൂർവം തന്നെ ആൾദൈവങ്ങളായി തുടരും.

ഹിസ്റ്റീരിയ വിഭാഗമാണ് മറ്റൊന്ന്. ചെകുത്താനിളക്കം പോലുള്ളവയാണ് ലക്ഷണങ്ങൾ. ബീവിമാരും ജിന്ന് ബാധിതരും പ്രേതബാധിതരുമൊക്കെ ഈ ഇനത്തിൽ പെട്ടവരാണ്. ഇവർക്ക് ശരീരം അനക്കാൻ പറ്റാത്ത അവസ്ഥയുണ്ടാകും. ദിവ്യാ ജോഷി ഇത്തരക്കാരിയാണ്. ഡോക്ടർമാർ പറയുന്നു ഒരു അസുഖവുമില്ലെന്ന്. പക്ഷേ, അവർക്ക് അനങ്ങാൻ പറ്റുന്നില്ല. സ്ട്രക്ച്ചറിലിരുത്തിയല്ലേ കോടതിയിൽ കൊണ്ടുപോയത്. ചില ഡോക്ടർമാർ ഷോക്ക് കൊടുത്ത് ചികിത്സിക്കും. അപ്പോൾ ഇവർ എഴുന്നേറ്റ് നടന്നേക്കും. സ്ത്രീകൾക്കാണ് ഈ രോഗം കൂടുതലുണ്ടാവുക.

മെന്റലി റിറ്റാഡ് വിഭാഗം ബുദ്ധിമാന്ദ്യമുള്ളവരാണ്. ഇവർക്ക് വരുംവരായ്കളെ പറ്റി ഒന്നും അറിയില്ല. ഇവരെ മറ്റുള്ളവർ ഉപയോഗപ്പെടുത്തുകയാണ്. ഉദാഹരണം തല വലുപ്പമുള്ള കുട്ടി. ഇത് ദൈവത്തിന്റെ പ്രിയപ്പെട്ട സൃഷ്ടിയാണ് എന്ന് പ്രചരിപ്പിക്കും. ഇവർക്ക് പല കഴിവുകളുമുണ്ടെന്ന് പറഞ്ഞുനടക്കും. ഇവർ സ്വപ്നം കണ്ടു, അങ്ങനെ പറഞ്ഞു, ഇങ്ങനെ പറഞ്ഞു എന്നൊക്കെയായി

രിക്കും പ്രചാരണം. ബുദ്ധിമാന്ദ്യമുള്ള ബീവിമാരും അമ്മമാരും സിദ്ധന്മാരുമൊക്കെ ഈ വിഭാഗത്തിൽ പെട്ടവരാണ്.

മാനിയാക്കുകളുടെ ലക്ഷണം പെട്ടെന്നുള്ള ആവേശമാണ്. ഇവർക്ക് പല ആശയങ്ങളും പെട്ടെന്നുണ്ടാകും. ചിലപ്പോൾ നല്ലൊരു പ്രസംഗം തന്നെ നടത്തിയേക്കും. സ്വന്തത്തെപ്പറ്റി പല അവകാശവാദങ്ങളുമുന്നയിക്കും. ഈ അസുഖക്കാർ ചിലപ്പോൾ മതം മാറാൻ തുനിയും. മതം മാറിയതിനു ശേഷം അസുഖം മാറിയെന്നിരിക്കട്ടെ, അയാൾ പഴയ മതത്തിലേക്കുതന്നെ തിരിച്ചുപോകും. അല്ലെങ്കിൽ നേരത്തെ പറഞ്ഞതിനൊക്കെ വിപരീതം പ്രവർത്തിക്കും.

*ക്രിമിനൽ വിഭാഗമൊഴികെ മറ്റുള്ളവരെല്ലാം മനോരോഗികളാണ്. എന്നിട്ടും ജനങ്ങൾ ആകൃഷ്ടരായി ഇവരിലേക്കൊഴുകുന്നു?*

അതിന് ഒന്നിലേറെ കാരണങ്ങളുണ്ട്. ജനങ്ങൾ ഇവരെപ്പറ്റി അറിയുന്നില്ല. പ്രചാരണങ്ങളിൽ ആകൃഷ്ടരാവുകയാണ്. ഇതൊരു വലിയ ബിസിനസ്സാണിപ്പോൾ. ഓരോ ആൾദൈവത്തിനും മാനേജ്മെന്റുണ്ട്. ബിസിനസ് വിജയിക്കണമെങ്കിൽ മാർക്കറ്റ് വേണ്ടേ. മാർക്കറ്റിംഗിൽ വളരെ വൈദഗ്ധ്യം നേടിയിട്ടുള്ളവരാണ് മാനേജ്മെന്റിൽ. ആൾദൈവങ്ങളെ നിയന്ത്രിക്കുന്നത് അവരുടെ മാനേജ്മെന്റാണ്. കണ്ടിട്ടില്ലേ, ആൾദൈവം വളരെ സിംബിളായിരിക്കും. എന്നാൽ അവരുടെ മാനേജ്മെന്റ് ഈ ആൾദൈവങ്ങളുടെ വ്യക്തിത്വം എങ്ങനെ പ്രദർശിപ്പിക്കണം, എങ്ങനെ അവരെ മാർക്കറ്റ് ചെയ്യണം എന്നൊക്കെ നന്നായി പഠിച്ചവരാണ്. ആഫ്രിക്കൻ രാജ്യങ്ങളിലെ ചില ഭരണാധികാരികളുടെ വ്യക്തിത്വം എടുത്തുകാട്ടാൻ വേണ്ടി ഇതുപോലെ മാനേജ്മെന്റുണ്ട്. ഭരണാധികാരികൾ എങ്ങനെ ഡ്രസ്സ് ചെയ്യണം, എങ്ങനെ യാത്ര ചെയ്യണം, മീറ്റിംഗിലേക്ക് പോവുകയും വരികയും ചെയ്യേണ്ടതെങ്ങനെ, എന്തൊക്കെ സംസാരിക്കണം എന്നൊക്കെ തീരുമാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുമിവർ. അതുപോലെ ആൾദൈവങ്ങളുടെ വ്യക്തിത്വം വലുതാക്കി പ്രദർശിപ്പിക്കാൻ അവരുടെ പിന്നിൽ വളരെ പേർ പ്രവർത്തിക്കുന്നുണ്ട്. മാനേജ്മെന്റിന്റെ ഈ തന്ത്രത്തിലാണ് ജനങ്ങൾ വീഴുന്നത്.

ആൾദൈവങ്ങളുടെ അടുത്തു പോകുന്നവർ അധികവും ഒരു അത്താണി കാത്തുകഴിയുന്നവരാണ്. ജീവിതത്തിൽ വിഷമവും പ്രയാസങ്ങളും അനവധിയല്ലേ. പലർക്കും കുറ്റബോധമുണ്ട്. പല കുറ്റങ്ങളും ചെയ്തിട്ടുണ്ട്. ഈ കുറ്റബോധം വേട്ടയാടുകയാണിവരെ. എവിടെപ്പോയെങ്കിലും അതൊക്കെയൊന്ന് ചാരിവെക്കേണ്ടേ. മനഃസമാധാനത്തിന് വേണ്ടിയാണ് അധികമാളുകളും പോകുന്നത്. പലർക്കും പലവിധ ദുഃഖങ്ങൾ, പ്രശ്നങ്ങൾ. അതില്ലാത്തവരില്ലല്ലോ. അതൊക്കെ കൂടി വരികയാണിപ്പോൾ. ആൾദൈവ മാനേജ്മെന്റുകൾ മനുഷ്യരുടെ ഈ അവസ്ഥ നന്നായി മുതലാക്കുകയാണ്. പ്രയാസങ്ങൾ ഒന്നിറക്കിവെക്കാൻ വെമ്പുന്ന മനുഷ്യർ അമ്മ ഒന്ന് കെട്ടിപ്പിടിച്ചതുകൊണ്ട് സമാധാനം കിട്ടിയെന്ന് വിശ്വസിക്കുകയാണ്. വീണ്ടും പോവുകയാണ്.

**ആൾദൈവങ്ങൾക്കും പരിവാരങ്ങൾക്കും എയർപോർട്ടുകളിൽ പരിശോധനയില്ല. ഗ്രീൻ ചാനലിലൂടെ എന്തും കൊണ്ടുപോവുകയും കൊണ്ടുവരികയും ചെയ്യാം. ആൾദൈവങ്ങളുടെ ധനാഗമന മാർഗങ്ങളിൽ പ്രധാനപ്പെട്ടതാണിത്. പല 'ദൈവ'ങ്ങൾക്കും ആശുപത്രികളും ധർമസ്ഥാപനങ്ങളുമൊക്കെയുണ്ടല്ലോ. കള്ളപ്പണം വെളുപ്പിക്കാനും ജനങ്ങളുടെ അനുഭാവം നേടിയെടുക്കാനുമാണിത്. അഭ്യസ്ഥവിദ്യരിൽ ആൾദൈവ ഭക്തരുണ്ടാകുന്നത് ഈ 'ധർമ' സ്ഥാപനങ്ങൾ കണ്ടിട്ടുമാണ്.**

*സ്ത്രീകളാണ് ആൾദൈവങ്ങളിൽ കൂടുതലും ആകൃഷ്ടരാകുന്നത്?*

ചോദ്യം ചെയ്യാതെ അനുസരിക്കുന്ന പ്രകൃതമുള്ളവരാണ് കൂടുതലും ആൾദൈവഭക്തർ. ഇങ്ങനെ മറിച്ച് ചിന്തിക്കുകയോ പറയുകയോ ചെയ്യാതെ എല്ലാം അനുസരിക്കുന്നവരെ സജസ്റ്റ്ബ്ൾ (എളുപ്പം സ്വാധീനിക്കപ്പെടുന്നവർ) എന്നാണ് പറയുക. ഇവരെയാണ് എളുപ്പം ഹിപ്നോടൈസ് ചെയ്യാൻ പറ്റുക. ആൾദൈവം പറഞ്ഞു എന്നറിഞ്ഞാൽ അപ്പടി അത് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുമിവർ. സജസ്റ്റ്ബ്ൾ അല്ലാത്തവർ, എന്തു കേട്ടാലും അത് അനുസരിക്കേണ്ടതുണ്ടോ എന്ന് ചിന്തിക്കുകയും വിശ്വസിക്കേണ്ടതുണ്ടോ എന്ന് ആലോചിക്കുകയും ചെയ്യുന്നവരാണ്. സജസ്റ്റ്ബ്ൾ പ്രകൃതം ഒരു മാനസിക വൈകല്യമാണ്. സ്ത്രീകൾ കൂടുതൽ ആൾദൈവഭക്തരാകുന്നത്, വിദ്യാഭ്യാസത്തിന്റെ പിന്നാക്കാവസ്ഥ കാരണവുമാണ്. വിദ്യാഭ്യാസ നിലവാരം സ്ത്രീകളിൽ ഉയരുന്നതോടെ സ്ഥിതി മാറിവരുന്നുണ്ട്.

*ആൾദൈവങ്ങൾ അധികവും മനോരോഗികളാണെന്ന് പറഞ്ഞു. ഇവർക്ക് ചികിത്സ?*

തീർച്ചയായും ഇവരെ ചികിത്സിച്ച് ഭേദമാക്കാം. ക്രിമിനൽ വിഭാഗത്തിന് ശിക്ഷ തന്നെയാണ് വേണ്ടത്. ശിക്ഷിക്കുന്നതോടൊപ്പം അവരുടെ കള്ളത്തരങ്ങൾ തുറന്നുകാണിക്കുകയും വേണം. ഇപ്പോൾ ആൾദൈവങ്ങളിലേക്കുള്ള ജനങ്ങളുടെ ഒഴുക്കിന് കുറവ് വന്നിട്ടില്ലേ. അത്, അവരുടെ തനിനിറം മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് മനസ്സിലായതുകൊണ്ടാണ്.

പാരനോയിഡ് ഗ്രൂപ്പിലെ ആൾദൈവങ്ങളുടെ ചികിത്സക്ക് മരുന്നു തന്നെ വേണ്ടിവരും. എന്നാൽ ഹിസ്റ്റീരിയക്കാർക്ക് സൈക്കോ തറാപ്പി, ബിഹേവിയർ തറാപ്പി പോലുള്ള മനഃശാസ്ത്രപരമായ ചികിത്സയാണ് വേണ്ടത്.

*ആൾദൈവഭക്തർക്കുള്ള ചികിത്സ?*

ബോധവത്കരണം തന്നെ. സ്കൂൾ ഘട്ടം മുതൽ തന്നെ ബോധവത്കരണം വേണം. സ്കൂളുകളിലെ മോറൽ സ്റ്റഡീസിലൂടെയും മദ്റസാ പഠനത്തിലൂടെയും ഇത് സാധിക്കണം. കാലഘട്ടങ്ങളുടെ ആവശ്യമനുസരിച്ച് പഠന സമ്പ്രദായങ്ങളിലും മാറ്റങ്ങളുണ്ടാകണം. എങ്കിലേ ജീവിതത്തിൽ ഇത്തരം സാഹചര്യങ്ങളെ നേരിടാൻ കഴിയൂ. പ്രതിസന്ധികളിലും വിഷമാവസ്ഥകളിലും കണ്ടതിനെയൊക്കെ ശരണം തേടുന്ന അന്ധവിശ്വാസങ്ങളിൽനിന്ന് രക്ഷപ്പെടൂ.

*ഉയർന്ന വിദ്യാഭ്യാസമുള്ള ആളുകളും സിദ്ധന്മാരുടെ അടുത്തും കപട ആത്മീയ കേന്ദ്രങ്ങളിലും പോകുന്നുണ്ടല്ലോ?*

അവരിലും ബോധവത്കരണം നടക്കണം. അവർ അന്ധവിശ്വാസികളോ വഞ്ചിതരോ ആണ്. നേരത്തേ പറഞ്ഞപോലെ, ആൾദൈവങ്ങളുടെ മാനേജ്മെന്റുകൾ വളരെ മിടുക്കരാണ്. 'ദൈവ'ത്തിന്റെ വലുപ്പം ഉയർത്തിക്കാട്ടാൻ വിദേശങ്ങളിൽനിന്ന് പോലും പ്രചാ

രകരെ സംഘടിപ്പിക്കും. എന്നിട്ട് ഈ വിദേശികൾ പത്രസമ്മേളനങ്ങളിലും സെമിനാറുകളിലുമൊക്കെ തങ്ങളുടെ 'ദൈവ'ത്തിന്റെ മഹത്ത്വം വിവരിക്കും. ഇത് കാണുമ്പോൾ പാവം നമ്മുടെ വിദ്യാസമ്പന്നർ വിശ്വസിക്കുകയാണ്. അമേരിക്കക്കാരും ഫ്രാൻസുകാരും ജർമൻകാരുമൊക്കെ പറഞ്ഞാൽ അത് വേദവാക്യമാണെന്ന് കരുതുന്നവരാണ് നമ്മുടെ നാട്ടുകാർ. അന്ധവിശ്വാസമാണിത്. കാരണം, ഇന്ത്യക്കാരേക്കാൾ കൂടുതൽ അന്ധവിശ്വാസികളാണ് സായിപ്പുമാർ. അവരൊക്കെ ആൾദൈവങ്ങളുടെ ഭക്തരാകുന്നത് അധോലോക ബന്ധങ്ങൾക്കാണ്, പണമിടപാടുമായി ബന്ധപ്പെട്ടാണ്, മയക്കുമരുന്ന് ഇടപാടിനാണ്. ആൾദൈവങ്ങൾക്കും പരിവാരങ്ങൾക്കും എയർപോർട്ടുകളിൽ പരിശോധനയില്ല. ഗ്രീൻ ചാനലിലൂടെ എന്തും കൊണ്ടുപോവുകയും കൊണ്ടുവരികയും ചെയ്യാം. ആൾദൈവങ്ങളുടെ ധനാഗമന മാർഗങ്ങളിൽ പ്രധാനപ്പെട്ടതാണിത്. പല 'ദൈവ'ങ്ങൾക്കും ആശുപത്രികളും ധർമസ്ഥാപനങ്ങളുമൊക്കെയുണ്ടല്ലോ. കള്ളപ്പണം വെളുപ്പിക്കാനും ജനങ്ങളുടെ അനുഭാവം നേടിയെടുക്കാനുമാണിത്. അഭ്യസ്ഥവിദ്യരിൽ ആൾദൈവ ഭക്തരുണ്ടാകുന്നത് ഈ 'ധർമ' സ്ഥാപനങ്ങൾ കണ്ടിട്ടുമാണ്. ആളുകളുടെ അനുഭാവവും വിശ്വാസവും നേടാനുള്ള മനഃശാസ്ത്രപരമായ തന്ത്രമാണ് ആൾദൈവങ്ങളുടെ ആശ്രമങ്ങളും ധർമസ്ഥാപനങ്ങളും.

മുമ്പൊക്കെ ഉറുക്ക്, മന്ത്രവാദം, പിഞ്ഞാണമെഴുത്ത്, മാരണം തുടങ്ങിയ ചികിത്സകളുണ്ടായിരുന്നു. കൊച്ചു കൊച്ചു ആൾദൈവങ്ങളായിരുന്നു ഇതൊക്കെ നടത്തിയിരുന്നത്. ഇപ്പോൾ ഈ രീതി പരിഷ്കരിച്ചിട്ടുണ്ട്. ഹൈടെക് യുഗമല്ലേ. ഒരു യോഗ്യതയുമില്ലാത്തവർ നടത്തുന്ന ചികിത്സാ കേന്ദ്രങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ. ഇവർ സിദ്ധന്മാരാവുകയല്ല ചെയ്യുന്നത്. ജനങ്ങളിൽ വിശ്വാസവും സുസമ്മതിയും നേടിയിട്ടുള്ള സംഘടനകളുടെ ലേബൽ ദുരുപയോഗം ചെയ്താണിവർ ചികിത്സാ തട്ടിപ്പ് നടത്തുന്നത്. എന്റെ ഒരു പഴയ സ്നേഹിതനെ ഈയിടെ കണ്ടു. കച്ചവടക്കാരനായിരുന്നു അദ്ദേഹം. വിശേഷങ്ങൾ തിരക്കിയപ്പോൾ അദ്ദേഹം പറഞ്ഞു, ഇപ്പോൾ ആശുപത്രി നടത്തുകയാണെന്ന്. ഞാൻ ചോദിച്ചു: 'എത്ര പേർക്ക് കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ട്?' 'ഇരുപതു പേർക്ക്'- അയാൾ മറുപടി പറഞ്ഞു. 'എത്ര ഡോക്ടർമാരുണ്ട്?' അദ്ദേഹത്തിന്റെ മറുപടി: 'ഞാനുൾപ്പെടെ മൂന്നു പേര്'. ഞാൻ അത്ഭുതപ്പെട്ടു. ഇയാൾ പഠിച്ചിട്ടില്ല, ഡോക്ടറുമല്ല. ഉള്ളത് ഒരു സംഘടനയുടെ ലേബൽ മാത്രം. സ്വയം ഡോക്ടറായി പ്രകൃതി ചികിത്സാ ആശുപത്രി നടത്തുകയാണ്. ഇങ്ങനെ യോഗ്യതയൊന്നുമില്ലാത്തവർ ഡോക്ടർമാരായി നടത്തുന്ന ഹോമിയോ ചികിത്സാ കേന്ദ്രങ്ങളുമുണ്ട്.

**തയാറാക്കിയത്: ടി.വി മുഹമ്മദലി**
tvmohamedali@yahoo.com